**Desabhimani**

**23 July 2018**

**Malappuram, Monsoon, Public Work Sector**

കാലവർഷം

# പൊതുമരാമത്ത് മേഖലയിൽ 3000 കോടിയുടെ നഷ്ടം

**മലപ്പുറം**

കാലവർഷക്കെടുതിയിൽ സംസ്ഥാനത്തെ പൊതുമരാമത്ത് മേഖലയിൽ 3000 കോടി രൂപയുടെ നഷ്ടമുണ്ടായതായി മന്ത്രി ജി സുധാകരൻ. 300 കിലോമീറ്റർ റോഡ് തകർന്നു. മലപ്പുറത്ത് വികസനപദ്ധതികളുടെ ഉദ്ഘാടനം നിർവഹിക്കവെയാണ് ഇക്കാര്യം അറിയിച്ചത്. സർക്കാർ മികച്ചരീതിയിലാണ് ദുരിതമേഖലയിൽ ഇടപെടുന്നത്. ആലപ്പുഴയിൽമാത്രം 34 ക്യാമ്പുകളാണ് തുറന്നത്. ഈ ക്യാമ്പുകൾ എല്ലാം സന്ദർശിച്ചു. എന്നാൽ, പ്രധാനമന്ത്രിയെ സന്ദർശിക്കാനുള്ള സർവകക്ഷി സംഘത്തിനൊപ്പം ഡൽഹിയിൽപോയ സമയംനോക്കി മന്ത്രി ദുരിതബാധിത പ്രദേശങ്ങളിലേക്ക് തിരിഞ്ഞുനോക്കിയില്ലെന്ന് മാധ്യമങ്ങൾ പ്രചരിപ്പിച്ചു. ചില മാധ്യമങ്ങൾ സർക്കാരിനെതിരെ നിരന്തരം അപവാദം പ്രചരിപ്പിക്കുകയാണ്. ഇന്ത്യയിൽ ഒരു സംസ്ഥാനത്തും ഇത്ര മികച്ച രീതിയിൽ ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്നില്ലെന്നാണ് കേന്ദ്രസംഘം വിലയിരുത്തിയതെന്നും മന്ത്രി പറഞ്ഞു.